# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4647** **25.06.2019-ൽ മറുപടിയ്ക്ക്**

**<u>ഗുണമേന്മയുള്ള മത്സ്യവിത്തും തീറ്റയും</u>**

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മൽസ്യകർഷകർക്കു ഗുണമേന്മയുള്ള മത്സ്യവിത്തും തീറ്റയും നൽകാൻ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | എ) ഗുണമേൻമയുള്ള നല്ലയിനം മത്സ്യവിത്തുകൾ മത്സ്യകർഷകർക്കു ലഭ്യമാക്കുന്നതിനായി വകുപ്പിനു കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. മത്സ്യ/ചെമ്മീൻ വിത്തുകളുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകാവുന്ന മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് അഡാക്കിന്റെ പി.സി.ആർ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തി ഫിഷറീസ് വകുപ്പ് / അഡാക്ക് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. മത്സ്യവിത്ത് ഉൽപാദനത്തിന്റെ ഗുണമേൻമയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നതിനുള്ള മത്സ്യവിത്ത് ആക്ടും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് രൂപീകൃതമായിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ആസ്ഥാനം കൊല്ലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം. എറണാകുളം, കോഴിക്കോട് ആസ്ഥാനമായി മൂന്ന് പ്രാദേശിക വിത്ത് കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ. സംസ്ഥാന വിത്ത് കേന്ദ്രത്തിന്റെ സുഗമമായ |

പ്രവർത്തനങ്ങൾക്കുവേണ്ടി 7 പുതിയ തസ്തികകളും സർക്കാർ സൃഷ്ടിച്ചു കഴിഞ്ഞു.

ഗുണനിലവാരം ഉറപ്പാക്കിയതും, മത്സ്യഇനങ്ങൾക്ക് അനുസൃതവുമായ മത്സ്യ തീറ്റകൾ അഡാക്ക് മുഖേന മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഗുണനിലവാരമുള്ള മത്സ്യതീറ്റ കർഷകർക്ക് ലഭ്യമാക്കുന്നതിനായി കൊല്ലം ജില്ലയിലെ അഴീക്കലിലും, കണ്ണൂർ ജില്ലയിലെ തലായ്-യിലും മത്സ്യതീറ്റ നിർമ്മാണ ശാല സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**